പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ 51-ഉം 52-ഉം റിപ്പോർട്ടുകൾ

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : പൊതുമേഖലാസ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ അമ്പത്തിയൊന്നും അമ്പത്തിരണ്ടും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

V. ധനകാര്യം

1999-2000 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ്

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, 1999-2000 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റുമെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

VI. നിയമനിർമ്മാണകാര്യം

1999-ലെ കേരള ഹൈവേ സംരക്ഷണ ബില്ലിന്റെ അവതരണവും സബ്ജറ്റ് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും†

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : 1999-ലെ കേരള ഹൈവേ സംരക്ഷണ ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താൻ ഉണ്ടായ സാഹചര്യം വിശദമാക്കുന്ന സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : 1999-ലെ കേരള ഹൈവേ സംരക്ഷണ ബിൽ, പൊതുമരാമത്തും ഗതാഗതവും വാർത്താ വിനിമയവും സംബന്ധിച്ച V-ാം നമ്പർ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണ പിള്ള) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ടി.എം. ജേക്കബ് : ആർട്ടിക്കിൾ 207(3)-യിൽ പറയുന്നത്. A Bill which, if enacted and brought into operation, would involve expenditure from the Consolidated Fund of a State shall not be passed by a House of the Legislature of the State unless the Governor has recommended to that House the consideration of the Bill.

കോൺസ്റ്റിറ്റ്യൂഷന്റെ ഈ പ്രൊവിഷൻ പാലിക്കപ്പെട്ടുകൊണ്ടല്ല ഈ ബിൽ ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഒരു പക്ഷേ മന്ത്രി മറുപടിയിൽ പറയും റൂൾ 73-നെ സംബന്ധിച്ച് ഇതിനകത്ത് പറഞ്ഞിട്ടുണ്ടെന്ന്. നമ്മുടെ

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly